ഡി. ജി. പി. യോട് അന്വേഷിക്കാൻ പറഞ്ഞു. ആ എസ്. ഐ. യെ ഇന്നലെതന്നെ സസ്പെൻഡ് ചെയ്തു. ശക്തമായ നടപടി സ്വീകരിച്ചു. ഇതൊന്നും ഒരിക്കലും ഗവൺമെൻറ് അനുവദിക്കാൻ പോകുന്ന കാര്യമല്ല.

(4) ഇലക്ട്രിസിറ്റി ബോർഡുദ്യോഗസ്ഥനെ കാണാനില്ലെന്ന പരാതി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, എൻെറ നിയോജകമണ്ഡലത്തിൽ, നഗരൂർ പഞ്ചായത്തിലെ വെള്ളല്ലൂരിൽ 40 വയസ്സുപ്രായമുള്ള ഒരു കൊച്ചുനാരായണപിള്ളയെ മെയ് 15-ാം തീയതി മുതൽ കാണാതായിരിക്കുന്നു. കെ. എസ്. ഇ. ബി. യുടെ കാഞ്ഞങ്ങാട്ടുള്ള ഓഫീസിലെ ഒരു സീനിയർ അസിസ്റ്റൻറായി ജോലി നോക്കുകയായിരുന്നു. ആ നാട്ടിലെ ഒരു മാന്യനാണ് അദ്ദേഹം. 13-ാം തീയതി ശമ്പളവും വാങ്ങി നാട്ടിലേക്ക് തിരിച്ചുവന്നതാണ്. 18-ാം തീയതി അടുത്ത ഒരു വീട്ടിൽ വിവാഹത്തിനു പോയിരുന്നു. എന്നാൽ 19-ാം തീയതി തൊട്ട് കൊച്ചുനാരായണപിള്ളയെ കാണാനില്ല. ലോക്കൽ പോലീസിലും, അതുപോലെതന്നെ മുഖ്യമന്ത്രിക്കും ഐ. ജി. ക്കുമെല്ലാം പരാതി കൊടുത്തു. അന്വേഷണം നടന്നു. ഒരു തുമ്പുമില്ല. ആ പ്രദേശത്തുള്ള ആളുകളും സർവ്വകക്ഷി പ്രതിഷേധയോഗം കൂടി. ആ യോഗത്തിൽവെച്ച് എടുത്ത തീരുമാനം ഈ കാണാതായ ചെറുപ്പക്കാരനെ കണ്ടുപിടിക്കുന്നതുവരെ ആ നാട്ടിലെ ജനങ്ങൾ അടങ്ങിയിരിക്കുകയില്ല എന്നുള്ളതാണ്. അവർ സമരപ്രക്ഷോപണവുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഗുരുതരമായൊരു സ്ഥിതിവിശേഷം അവിടെ നിലവിലുണ്ട്. ഈ ചെറുപ്പക്കാരനെ അന്വേഷിച്ച് കണ്ടുപിടിക്കുന്നതിനുവേണ്ടി, ആരെങ്കിലും അപകടപ്പെടുത്തിയെങ്കിൽ കുറ്റവാളികളെ കണ്ടുപിടിച്ച് കർശനമായി ശിക്ഷിക്കുന്നതിനുവേണ്ടി ഈ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ഇലക്ട്രിസിറ്റിബോർഡ് ജീവനക്കാരൻ കാസർകോട് ജില്ലയിൽ ജോലിയുള്ള ആളാണ്. അദ്ദേഹം വീട്ടിൽ വന്നതിനു ശേഷം കാണാതായതിനെക്കുറിച്ച് അദ്ദേഹത്തിൻെറ സഹോദരൻ മിലിട്ടറിയിലുള്ള ആളാണ് പരാതി കൊടുത്തത്. പരാതി കിട്ടിയ ഉടൻതന്നെ മാൻമിസ്സിംഗിനുള്ള സെക്ഷൻ അനുസരിച്ച് കേസ് ചാർജ്ജ്ചെയ്തു. ഇൻവെസ്റ്റിഗേഷൻ നടത്തുകയാണ്. ഇക്കാര്യത്തിൽ ഗവൺമെൻറിൻെറ ഭാഗത്തുനിന്നു പോലീസിനെക്കൊണ്ട് അന്വേഷണം നടത്തി എന്തെങ്കിലും പരിഹാരം കണ്ടെത്താൻ നടപടിയെടുക്കുന്നതായിരിക്കും.

(5) അതിരമ്പുഴ പഞ്ചായത്തിൽ മറിയാമ്മ എന്ന സ്ത്രീയെ മണ്ണെണ്ണയൊഴിച്ചു കൊലപ്പെടുത്തിയ സംഭവം

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, എൻെറ നിയോജകമണ്ഡലത്തിൽപ്പെടുന്ന അതിരമ്പുഴ പഞ്ചായത്തിൽ കല്ലുംകൽ മറിയാമ്മ എന്ന സ്ത്രീ മേയ് മാസം 17-ാം തീയതി കൊലചെയ്യപ്പെട്ടു. മണ്ണെണ്ണ ദേഹത്തൊഴിച്ച് സ്വന്തം ഭർത്താവിനാൽ കൊലചെയ്യപ്പെട്ടു എന്നാണ് ജനങ്ങൾ പൂർണ്ണമായും വിശ്വസിക്കുന്നത്. സ്ഥലത്തെ എസ്. ഐ. യും

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടവരും ആ കേസ് ഒതുക്കാൻ ശ്രമിക്കുന്നുവെന്നുള്ളതിന്റെ പേരിൽ മുപ്പതാം തീയതി അങ്ങേക്കുതന്നെ മെമ്മോറാണ്ടം നൽകുകയും ക്രൈം ബ്രാഞ്ച് അന്വേഷിക്കുകയും ചെയ്തുവെങ്കിലും പൂർണ്ണമായും കുറ്റവാളിയെ രംഗത്തുകൊണ്ടുവരുന്നതിന് ശ്രമിച്ചിട്ടില്ല എന്നുള്ള പരാതിയുണ്ട്. അവിടെ കക്ഷിസമുദായ ഭേദമോ, പ്രാദേശിക ചിന്തയോ ഇല്ലാതെ ഒറ്റക്കെട്ടായി ജനങ്ങളും പന്തം കൊളുത്തി പ്രകടനവും ധർണ്ണയുമെല്ലാം നടത്തി. തുടർന്നും പ്രക്ഷോപത്തിന് അവസരമുണ്ടാക്കാതെ കുറ്റവാളി ബേബിയെ അറസ്റ്റ് ചെയ്യണം. ആ കുടുംബത്തിലെ അമ്മായിഅമ്മയോടുമാത്രം ചോദിച്ചാൽ വിവരം പറയും. മറിയാമ്മയുടെ വധവുമായി ബന്ധപ്പെട്ട ബേബിയുടെമേൽ നടപടി സ്വീകരിക്കുന്നതിന് അന്വേഷണം പൂർത്തിയായെന്ന് ബന്ധപ്പെട്ട പോലീസ് പറയുകയാണെങ്കിൽ അങ്ങ് പ്രത്യേകമായി അതിന് ആവശ്യമായ സംവിധാനമേർപ്പെടുത്തിക്കൊണ്ട് കുറ്റവാളിയുടെ മേൽ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ശ്രീ. ജോർജിന്റെ ഭാര്യ മറിയാമ്മ പൊള്ളലേറ്റു മരിച്ചു. അന്വേഷണത്തിൽ ഇവരുടെ കുടുംബജീവിതം സുഖകരമായിരുന്നില്ല എന്നാണ് മനസിലായിട്ടുള്ളത്. ജോർജ് ഭാര്യയോട് ഡോക്ടറെ കാണാൻ പോകണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും അവർ ഡോക്ടറെ കാണാൻ വിസമ്മതിച്ചു. അതുകൊണ്ട് അവർതമ്മിൽ അസ്വാരസ്യമുണ്ടായി. അന്നേ ദിവസം ഭർത്താവ് പിണങ്ങി വീട്ടിൽ നിന്നും പോയി എന്നും അതിനുശേഷം ഭാര്യ മണ്ണെണ്ണയൊഴിച്ച് അത്മഹത്യ ചെയ്തു എന്നുമാണ് പ്രാഥമികാന്വേഷണത്തിൽ മനസ്സിലായിട്ടുള്ളത്. പോസ്റ്റ് മോർട്ടം റിപ്പോർട്ടിലും പൊള്ളലേറ്റു മരിച്ചു എന്നു മാത്രമാണുള്ളത്. ബഹുമാനപ്പെട്ട മെമ്പർക്കു സ്ഥലത്തെ എം. എൽ. എ. എന്നുള്ള നിലയിൽ ഈ കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ ആ കാര്യത്തെസംബന്ധിച്ച് ക്രൈംബ്രാഞ്ചിനെ കൊണ്ടുതന്നെ അന്വേഷിപ്പിച്ച് സത്യാവസ്ഥ കണ്ടുപിടിക്കാൻ ശ്രമിക്കാം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ.]

(6) എം. എൽ. എ. ഹോസ്റ്റലിൽ പോലീസ് ഇടപെടൽ

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഇന്നലെ വൈകുന്നേരം എം. എൽ. എ. ക്വാർട്ടേഴ്സിന്റെ നടയിൽവെച്ച്.....

(ബഹളം)

ഞങ്ങടെ എം. എൽ. എ. ക്വാർട്ടേഴ്സിലേക്ക് കയറിപ്പോകുന്നസമയത്ത് വിൽസൺജോസഫ് എന്നുപറയുന്ന സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 50–ഓളം പോലീസുകാർ വന്ന് തടഞ്ഞു. എം. എൽ. എ. ക്വാർട്ടേഴ്സിൽ ഒരു എം. എൽ. എ. ക്ക് കയറാൻ പാടില്ലേ ? എം. എൽ. എ. ക്വാർട്ടേഴ്സിൽനിന്നും തിരിച്ചിറങ്ങി വന്ന ശ്രീ. എ. കെ. ശശീന്ദ്രൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. വർക്കല രാധാകൃഷ്ണൻ തുടങ്ങിയ എം. എൽ. എ. മാരോടൊപ്പമുണ്ടായിരുന്ന ആളുകളെ പോലീസ് തല്ലി. സർ, ഞങ്ങടെ നിയമസഭാസമ്മേളനത്തിന് വന്നവരാണ്. ഞങ്ങൾക്ക് നിയമസഭക്കകത്തും നിയമസഭക്ക് പുറത്തും സംരക്ഷണം തരാൻ അങ്ങേക്ക് ബാധ്യതയുണ്ട്. എം. എൽ. എ. ക്വാർട്ടേഴ്സിൽ ഞങ്ങൾക്കു താമസിക്കണം. അവിടെ ഗുണ്ടകളുടെ വിളയാട്ടമാണ്. ഇതുപോലുള്ള

LIBRARY ARCHIVES Kerala Legislative Assembly